SECOND TERM SUMMATIVE ASSESSMENT 2026-27

MODEL QUESTION PAPER

മലയാളം I – കേരളപാഠാവലി

Std: X SET 1 **Score: 40**

Cool-off time: 15 minutes **Time: 1½ Hours**

നിർദേശങ്ങൾ

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിച്ചു മനസ്സിലാക്കാൻ ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.
- A അല്ലെങ്കിൽ B എന്ന തരത്തിലുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതിയാൽ മതി.

1 മുതൽ 4 വരെയുള്ള ചോദ്യങ്ങൾക്ക് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. (4 × 1 = 4)

1. 'മണ്ണും മനുഷ്യനും' എന്ന കഥ എഴുതിയത് ആര്? (1)

A. എം.ടി. വാസുദേവൻ നായർ B. ടി. പത്മനാഭൻ

C. സാറാ ജോസഫ് D. യു.എ. ഖാദർ

2. 'ബത്തേരിക്കടുത്ത് മലങ്കരയിൽ' എന്ന കവിതയുടെ അവസാനത്തിൽ മലകളോടും മരങ്ങളോടും 'നിങ്ങൾ ആകെ എത്ര ജീബി?' എന്നു ചോദിക്കുന്നതിലൂടെ കവി സൂചിപ്പിക്കുന്നത് എന്ത്? (1)

A. മൊബൈൽ ഫോണിനോടുള്ള കവിയുടെ ഇഷ്ടം

B. പ്രകൃതിയെപ്പോലും ഡിജിറ്റൽ അളവുകളിൽ കാണുന്ന പുതിയ മനോഭാവം

C. വയനാട്ടിലെ മലകളുടെ ഉയരം

D. സുഹൃത്തിന്റെ വീടിന്റെ വിസ്തീർണം

3. താഴെ കൊടുത്തവയിൽ ആഗമസന്ധിക്ക് ഉദാഹരണമല്ലാത്തത് ഏത്? (1)

A. പുഴ + ഇൽ = പുഴയിൽ B. തിരു + ഓണം = തിരുവോണം

C. കാട് + ഇൽ = കാട്ടിൽ D. മഴ + ഇൽ = മഴയിൽ

4. 'വെള്ളത്തിന് തെളിയാതിരിക്കാനാവില്ല' എന്ന പാഠഭാഗത്തെക്കുറിച്ചുള്ള പ്രസ്താവനകൾ ശ്രദ്ധിക്കുക. (1)

(I) നൂർ മുഹമ്മദ് പെൺകുട്ടിയോട് ഒരു ബുദ്ധകഥ പറയുന്നു.

(II) കലങ്ങിയ വെള്ളം ഉടനെ മറ്റൊരിടത്തുനിന്ന് കൊണ്ടുവരാൻ ബുദ്ധൻ ശിഷ്യനോടു പറയുന്നു.

A. (I) മാത്രം ശരി B. (II) മാത്രം ശരി

C. (I) ഉം (II) ഉം ശരി D. (I) ഉം (II) ഉം തെറ്റ്

5, 6 ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. (2 × 2 = 4)

5. 'ആലപ്പുഴവെള്ളം' എന്ന കവിതയിൽ 'ജലം', 'വെള്ളം' എന്നീ വാക്കുകളെ കവി രണ്ട് അനുഭവങ്ങളായി കാണുന്നത് എന്തുകൊണ്ട്? (2)

6. (A) 'പൊൻതൂലിക', 'കിടിലൻ ഫോൺ' – 'ബത്തേരിക്കടുത്ത് മലങ്കരയിൽ' എന്ന കവിതയിലെ ഈ പ്രയോഗങ്ങൾ എന്തിനെയെല്ലാം സൂചിപ്പിക്കുന്നു? (2)

അല്ലെങ്കിൽ

(B) "ഒരാൾക്ക് ദേശം ഒന്നിലേറെയാകാം." യു.എ. ഖാദറിന്റെ ജീവിതാനുഭവം മുൻനിർത്തി ഈ പ്രസ്താവന വ്യക്തമാക്കുക. (2)

www.educationobserver.com

7 മുതൽ 11 വരെയുള്ള ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. **(5 × 5 = 25)**

7. 'മണ്ണും മനുഷ്യനും' എന്ന കഥയിലെ കഥാകൃത്തിന്റെയും കെ.യു. നായരുടെയും ജീവിതവീക്ഷണങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക. (5)

8. "വെള്ളത്തിന് തെളിയാതിരിക്കാനാവില്ല" – നൂർ മുഹമ്മദ് പറഞ്ഞ ബുദ്ധകഥയുടെ പശ്ചാത്തലത്തിൽ ഈ ശീർഷകത്തിന്റെ ഔചിത്യം വിലയിരുത്തുക. (5)

9. ചിത്രമെടുത്ത് സാമൂഹികമാധ്യമങ്ങളിൽ പങ്കുവയ്ക്കുന്നതിലൂടെ മാത്രം പ്രകൃതിസ്നേഹം പ്രകടിപ്പിക്കുന്ന പ്രവണതയെ 'ബത്തേരിക്കടുത്ത് മലങ്കരയിൽ' എന്ന കവിത എങ്ങനെ വിമർശിക്കുന്നു? നിരീക്ഷണങ്ങൾ അവതരിപ്പിക്കുക. (5)

10. "മാതൃഭാഷ നമ്മുടെ ഉള്ളിൽ ഒഴുകുന്ന ജീവനദിയാണ്." പ്രകാശ് രാജിന്റെ ലേഖനത്തിലെ ആശയങ്ങൾ മുൻനിർത്തി ഈ പ്രസ്താവന വിശദമാക്കുക. (5)

11. (A) ദേശം വ്യക്തിയുടെ സ്വത്വത്തെ രൂപപ്പെടുത്തുന്നത് എങ്ങനെയെന്ന് 'ആലപ്പുഴവെള്ളം' എന്ന കവിതയിലെ ബിംബങ്ങളെ ആസ്പദമാക്കി വിശദീകരിക്കുക. (5)

അല്ലെങ്കിൽ

(B) 'ദേശവും എഴുത്തും' എന്ന പാഠഭാഗത്തെ എഴുത്തുകാർ തങ്ങളുടെ ദേശത്തെ ആവിഷ്കരിക്കുന്ന രീതികളുടെ സവിശേഷതകൾ ഉദാഹരണസഹിതം വിശദമാക്കുക. (5)

താഴെ തന്നിരിക്കുന്നവയിൽ ഏതെങ്കിലും ഒന്നിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. **(1 × 7 = 7)**

12. (A) 'മണ്ണും മനുഷ്യനും', 'വെള്ളത്തിന് തെളിയാതിരിക്കാനാവില്ല' എന്നീ പാഠഭാഗങ്ങളിലെ ആശയങ്ങൾ പരിഗണിച്ച് "പ്രകൃതിയെ അറിയാം, നാളേക്കായി കാക്കാം" എന്ന വിഷയത്തിൽ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാനുള്ള ഒരു പ്രഭാഷണം തയ്യാറാക്കുക. (7)

അല്ലെങ്കിൽ

(B) ആശയം, ആസ്വാദനാംശങ്ങൾ, കാലികപ്രസക്തി എന്നിവ പരിഗണിച്ച് താഴെ കൊടുത്ത കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക. (7)

മഴയുടെ പാട്ട്

ചെറുതുള്ളിയായ് വന്നു
മണ്ണിനെത്തൊട്ടു മഴ,
ഉറങ്ങിക്കിടന്നോരു
വിത്തിനെ വിളിച്ചുണർത്തി.
ഇലകളിൽ താളമിട്ട്
പുഴയിലേക്കൊഴുകുമ്പോൾ
'ഞാനില്ലെങ്കിൽ നീയില്ലെ'ന്ന്
മണ്ണിനോടു മന്ത്രിച്ചു.

www.educationobserver.com